# കാലിക്കറ്റ് സർവകലാശാല
# (ഡയറക്ടറേറ്റ് ഓഫ് അഡ്മിഷൻസ്)

127241/DOA-ASST-8/2026/Admn 05.08.2026

<u>**പത്രക്കുറിപ്പ്**</u>

2026–27 അധ്യയന വർഷത്തെ നാലുവർഷ ബിരുദ പ്രോഗ്രാമുകളുടെ മൂന്നും അഞ്ചും സെമസ്റ്ററുകളിലേക്കുള്ള **ലേറ്റ് കോളേജ് ട്രാൻസ്ഫറിനായുള്ള** ഓൺലൈൻ അപേക്ഷ ക്ഷണിച്ചിരിക്കുന്നു. മൂന്നാം സെമസ്റ്റർ വിദ്യാർത്ഥികൾക്ക് മേജർ മാറ്റം / മേജർ നിലനിർത്തിക്കൊണ്ടുള്ള കോളേജ് ട്രാൻസ്ഫർ എന്നിവ അനുവദനീയമാണ്. എന്നാൽ അഞ്ചാം സെമസ്റ്റർ വിദ്യാർത്ഥികൾക്ക് മേജർ നിലനിർത്തിക്കൊണ്ടുള്ള കോളേജ് ട്രാൻസ്ഫർ മാത്രമാണ് അനുവദനീയമായിട്ടുള്ളത്.
നിലവിലുള്ള കോളേജ് ട്രാൻസ്ഫർ റാങ്ക് പട്ടികയിൽ ഉൾപ്പെട്ട വിദ്യാർത്ഥികൾക്ക് മുൻഗണന നൽകുന്നതാണ്. റാങ്ക് പട്ടികയിൽ ഉൾപ്പെട്ട യോഗ്യരായ വിദ്യാർത്ഥികളുടെ അഭാവത്തിൽ മാത്രമേ ലേറ്റ് അപേക്ഷകരെ പരിഗണിക്കുകയുള്ളൂ.

നിലവിലെ റാങ്ക് പട്ടികയുടെ അടിസ്ഥാനത്തിൽ കോളേജ് ട്രാൻസ്ഫർ വഴി പ്രൊവിഷണൽ അഡ്മിഷൻ നേടിയ വിദ്യാർത്ഥികളെ ലേറ്റ് കോളേജ് ട്രാൻസ്ഫറിനായി വീണ്ടും പരിഗണിക്കുന്നതല്ല.
ലേറ്റ് അപേക്ഷയുടെ അടിസ്ഥാനത്തിൽ അനുവദിക്കുന്ന കോളേജ് ട്രാൻസ്ഫർ യാതൊരു കാരണവശാലും പിന്നീട് റദ്ദാക്കാൻ (Cancel) അനുവദിക്കുന്നതല്ല.
ലേറ്റ് അപേക്ഷകൾക്ക് സർവകലാശാല നിശ്ചയിച്ചിട്ടുള്ള ലേറ്റ് ഫീസ് ഉൾപ്പെടെയുള്ള അപേക്ഷാ ഫീസ് ബാധകമായിരിക്കും.
സർവകലാശാല നേരത്തെ പ്രസിദ്ധീകരിച്ച കോളേജ് ട്രാൻസ്ഫർ വിജ്ഞാപനത്തിലെ (No: 127241/DOA-ASST-8/2026/AdmnDated 25.06.2026 ) യോഗ്യതാ മാനദണ്ഡങ്ങളും, നിബന്ധനകളും, കോളേജ് ട്രാൻസ്ഫറുമായി ബന്ധപ്പെട്ട വ്യവസ്ഥകളും ലേറ്റ് അപേക്ഷകർക്കും ബാധകമായിരിക്കും.
നിലവിലെ റാങ്ക് പട്ടികയിൽ ഉൾപ്പെട്ടവർ കോളേജ് ലേറ്റ് കോളേജ് ട്രാൻസ്ഫറിനായി വീണ്ടും അപേക്ഷിക്കേണ്ടതില്ല

**ഓൺലൈൻ അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി :** .10.08.2026 11 A.M

**അപേക്ഷാ ഫീസ് (ലേറ്റ് ഫീസ് ഉൾപ്പെടെ) : ₹405/-**

അപേക്ഷകൾ സർവകലാശാലയുടെ അഡ്മിഷൻ പോർട്ടൽ വഴി ഓൺലൈനായി സമർപ്പിക്കണം. കോളേജ് ട്രാൻസ്ഫർ സംബന്ധിച്ച യോഗ്യത, നിബന്ധനകൾ എന്നിവയ്ക്കായി സർവകലാശാല വെബ്സൈറ്റ് സന്ദർസിസിക്കുക.

**വെബ്സൈറ്റ്:** https://admission.uoc.ac.in/admission?pages=Transfer

ph : 0494 - 240 7152
Email : transfer@uoc.ac.in

Ashokkumar K. P.
Deputy Registrar